ഉഷ ഹാബ് സ്റ്റോറിൽ തയ്യലിന്റെ വൈവിധ്യങ്ങൾ പഠിക്കാം

കൊച്ചി: പ്രമുഖ തയ്യൽ മെഷീൻ നിർമാതാക്കളായ ഉഷ ഈ ക്രിസ്മസിന് കൊച്ചിയിലെ ഹാബ് ഷോറൂമിൽ തയ്യലിനെ കുറിച്ച് കൂടുതൽ പഠിക്കാൻ പ്രത്യേക സൗകര്യങ്ങളൊരുക്കിയിരിക്കുന്നു. ഈ ദിവസങ്ങളിൽ ഷോറൂം സന്ദർശിച്ച് ഉഷയുടെ വിദഗ്ധരിൽ നിന്നും തയ്യലിന്റെ വൈവിധ്യങ്ങൾ പഠിക്കാനുള്ള അവസരമാണ് കമ്പനി ഒരുക്കിയിട്ടുള്ളത്. സമ്മാനങ്ങൾ കൊടുക്കുവാനുള്ള ബാഗുകൾ, എബ്രോയിഡറി കാർഡുകൾ തുടങ്ങിയവയെല്ലാം നിർമിക്കുന്നതെങ്ങിനെയെന്ന് ഇവിടെ നിന്നും പഠിക്കാം. എംജി റോഡിൽ രവിപുരത്തെ ടെൽസ്റ്റാർ ബിൽഡിങ്ങിലെ ഷോറൂമിലാണ് ഈ സൗകര്യം ഒരുക്കിയിട്ടുള്ളത്. ഫോൺ: 0484 2358570. തയ്യലുമായി ബന്ധപ്പെട്ട ഏതാവശ്യങ്ങളും നിറവേറ്റാൻ സാധിക്കുന്ന രാജ്യാന്തര നിലവാരത്തിലുള്ളതാണ് ഉഷ ഹാബ് ഷോറും. ബട്ടണുകൾ, ബോർഡറുകൾ, സിപ്പുകൾ,ബിഡിങ് തുടങ്ങി തയ്യലുമായി ബന്ധപ്പെട്ട ഏതാവശ്യങ്ങൾക്കും ഇവിടെ പരിഹാരമുണ്ട്. ആളുകൾക്ക് തയ്യലിന്റെ വിവിധ വശങ്ങൾ നേരിട്ട് അനുഭവിച്ചറിയാവുന്ന സ്ഥലമാണ് ഹാബെന്ന് ഉഷ ഇന്റർനാഷണൽ എക്സിക്യൂട്ടിവ് ചെയർമാൻ കൃഷ്ണ ശ്രീറാം പറഞ്ഞു. ഫാഷൻ, ഗിഫ്റ്റ്, വീട് അലങ്കരിക്കുന്ന വസ്തുക്കൾ തുടങ്ങിയവയെല്ലാം ഇവിടെയുണ്ട്. ഏറ്റവും മികച്ച തയ്യൽ, എംബ്രോയിഡറി മെഷീനുകളും സ്റ്റോറിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇവയെ കുറിച്ച് വിശദീകരിക്കാനും വിദഗ്ധരുണ്ട്. സിദ്ധാർഥ് ശ്രീറാം ഗ്രൂപ്പ് കമ്പനിയുടെ ഭാഗമാണ് ഉഷ ഇന്റർനാഷണൽ ലിമിറ്റഡ്. കൺസ്യൂമർ ഉൽപ്പന്നങ്ങളുടെ നിർമാണവും ഉൽപാദനവുമുണ്ട്. ഫാൻ, തയ്യൽ മെഷീൻ, എഞ്ചിനുകൾ, പമ്പ് സെറ്റ്, ഇലക്ട്രിക് മോട്ടറുകൾ, വാട്ടർ കൂളേഴ്സ്, ഇൻവർട്ടർ, അടുപ്പുകൾ, ഓട്ടോ ഘടകങ്ങൾ തുടങ്ങിയവയെല്ലാം ഉഷ ഉൽപ്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നു.